**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1783** **31-08-2022 - ൽ മറുപടിയ്ക്ക്**

**മുളക്കുളം പഞ്ചായത്തിലെ വൃദ്ധസദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യനീതി വകുപ്പിന് കീഴിൽ കടുത്തുരുത്തി മണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിൽ വൃദ്ധസദനത്തിന്റെ രണ്ടാം ഘട്ട നിർമാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; | (എ) | കോട്ടയം ജില്ലയിലെ കടുത്തുരുത്തി മണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിലെ സർക്കാർ വൃദ്ധമന്ദിരത്തിന്റെ ആദ്യ ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. വൃദ്ധസദനം കൂടുതൽ വയോജന സൗഹൃദമാക്കുന്നതിന്റെ ഭാഗമായി രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി സാമൂഹ്യനീതി വകുപ്പിന്റെ ബാരിയർ ഫ്രീ ടെക്നിക്കൽ സെല്ലിന്റെ അഭിപ്രായം തേടിയിട്ടുണ്ട്. ആയതു ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | നിലവിൽ പ്രസ്തുത പ്രവർത്തനത്തിന് ആവശ്യമായ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; ആയതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും അതിന്റെ പുരോഗതി എന്താണെന്നും വിശദീകരിക്കാമോ; | (ബി) | രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പ്ലാൻ തയ്യാറാക്കുന്നതിന് വകുപ്പിന്റെ ബാരിയർ ഫ്രീ ടെക്നിക്കൽ സെല്ലിനു നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഏജൻസി രണ്ടാം ഘട്ട നിർമ്മാണത്തിന്റെ സാദ്ധ്യതകൾ പരിശോധിച്ചു വരുന്നു. ടെക്നിക്കൽ സെല്ലിൽ നിന്നും detailed റിപ്പോർട്ടും, പ്ലാനും ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | മുളക്കുളം പഞ്ചായത്തിൽ ഒന്നാം ഘട്ട നിർമാണം പൂർത്തീകരിച്ച കെട്ടിടത്തിലേക്ക് കോട്ടയത്തെ സർക്കാർ വൃദ്ധസദനത്തിന്റെ പ്രവർത്തനം മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; അതിനുള്ള പ്രധാന തടസ്സം എന്താണെന്നും വിശദീകരിക്കാമോ? | (സി) | വൃദ്ധസദനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച 20/08/2016 ലെ G.O. (P) No.10/2016/SJD ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ സൗകര്യങ്ങളും സർക്കാർ വൃദ്ധമന്ദിരങ്ങളിലും ഉറപ്പാക്കേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പ്രവർത്തനങ്ങൾ കൂടി പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ വൃദ്ധസദനത്തിന്റെ പ്രവർത്തനം മുളക്കുളത്തേയ്ക്ക് മാറ്റുന്നതിന് സാധിയ്ക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ